# കാലിക്കറ്റ് സർവകലാശാല

## മലയാളം എം.ഫിൽ പ്രവേശനപരീക്ഷ 2018

**സമയം: 3 മണിക്കൂർ**

**മാർക്ക്:100**

**ഭാഗം.1**

**എല്ലാ ചോദ്യങ്ങൾക്കും ഒരുമാർക്ക് വീതം. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.**

1. ഹാംലെറ്റ് രചനാപരമായൊരു പരാജയമാണെന്ന് സിദ്ധാന്തിച്ച പാശ്ചാത്യ നിരൂപകനാര്?
2. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന ശീർഷകത്തിന് ആഷർ നല്കിയ പരിഭാഷയെന്ത്?
3. എം.പി. പോളിന്റെ നോവൽസാഹിത്യം പ്രസിദ്ധീകരിച്ച വർഷം?
4. മലയാളത്തിലെ ഓഷ്ഠ്യദന്ത്യവ്യഞ്ജനം?
5. 'സ' എന്ന വ്യഞ്ജനം ശ്വാസിയോ നാദിയോ?
6. 'രിക്ത'രൂപിമത്തിന് (എംപ്റ്റിമോർഫീം) ഒരുദാഹരണമെഴുതുക.
7. ചൈൽഡിഷ്എന്നതുപോലെ പെങ്ലിഷ് എന്ന പദംസൃഷ്ടിക്കുന്നത് ഭാഷാശാസ്ത്രപരമായിഏതിനം പദപ്രക്രിയയാണ്?
8. മിഷനറിഭാഷാശാസ്ത്രം എന്ന സമാഹാരം എഡിറ്റു ചെയ്തതാര്?
9. ഇന്ദ്രൻസിന് മികച്ച നടനുള്ള സംസ്ഥാനപുരസ്കാരം നേടിക്കൊടുത്ത സിനിമ?
10. 'ഇവൻ എന്റെ പ്രിയസി.ജെ. ' എഴുതിയതാര്?
11. 'സോപാനം' എന്ന നാട്യസംഘത്തിനു നേതൃത്വം നല്കിയിരുന്ന നാടകാചാര്യന്റെ പേരെന്ത്?
13. 'ഗോർണിക്ക'വരച്ചതാര്?
14. 'നിരവത്തുകല്യാണി', 'കാവൽഭൂതം'എന്നീ ചെറുകഥകളുടെ രചയിതാവാര്?
15. എലത്തൂർ പുഴയ്ക്ക് വടക്കോട്ടു പോകുന്തോറും നെൽകൃഷിക്കു പറ്റിയമണ്ണു കുറഞ്ഞുവരുന്നുവെന്നു നിരീക്ഷിച്ച ചരിത്രകാരൻ ആര്?
16. 'കരിമണൽത്തരികൾ പോലെ അളകാവലി
    ശശികലയൊത്ത ലലാടം
    കുലവില്ലൊത്തുവളഞ്ഞപുരികം
    കാന്തിയുംകുളിർനനവുമുള്ള കടമിഴികൾ'
    ഏതുസംഘകൃതിയിലേതാണ് ഈ വരികൾ?
17. ലളിതാംബിക അന്തർജനം എഴുതിയ തിരക്കഥ ?
18. 'തിയേറ്റർഓഫ് ക്രൂവൽറ്റി ' ആരുടെ സങ്കല്പനമാണ്?
19. 'കേരളകവിത'യുടെ സ്ഥാപക എഡിറ്റർആരായിരുന്നു?
20. 'വീട്ടിലേയ്ക്കുള്ള വഴി'എന്ന കവിതയെഴുതിയതാര്?
21. 'ഇഷ്ടമുടിക്കായൽ' ആരുടെകവിത?
22. 'നാഷനലിസം വിതൗട്ട് എ നാഷൻ ഇൻ ഇൻഡ്യ' എന്ന കൃതിയുടെ കർത്താവാര്?
23. ശേഷഗിരിപ്രഭു രചിച്ച മലയാളവ്യാകരണ ഗ്രന്ഥമേത്?
24. 'പശു പുല്ലു നിന്നുന്നു', ഇതിൽ'പുല്ല്' എന്ന പദം ഏതു കാരകത്തിലാണ് ?
25. മലയാളഭാഷ ഏതുകക്ഷ്യയിൽപ്പെടുന്നു എന്നാണ് ഏ.ആർ. രാജരാജവർമ്മയുടെ അഭിപ്രായം?
26. "നിങ്ങൾദൂരെ നിൽപ്പിൻ എന്നരികിൽ ആരുംവേണ്ടാ", ഇതിലെ പ്രകാരം ഏത്?
27. 'വെണ്ണിലാവ്', ഇതിലെ സന്ധിയേത്?
28. മഹിമഭട്ടന്റെ അനുമാനസിദ്ധാന്തം ആരുടെ വിമർശന പദ്ധതിയെ വിമർശിച്ചു കൊണ്ടുള്ളതാണ്?
29. വിദ്യാവിനോദിനി തുടങ്ങിയ വർഷമേത്?
30. 'മിറർ ആന്റ് ദ ലാമ്പ്' ആരുടെ കൃതി ?
31. 'വസന്തർത്തു', വിഗ്രഹിക്കുക.
32. എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി, ആരുടെകൃതി?
33. ഗദ്യമെഴുത്തിന്റെ ശൈലിയും സ്വഭാവവും വിവരിക്കാൻ ഏ.ആർ. രാജരാജവർമ്മയുടെ എഴുതിയ ലക്ഷണഗ്രന്ഥമേത്?
34. കേവലക്രിയയ്ക്ക് ഒരുഉദാഹരണമെഴുതുക
35. ഹോളിആക്ടർ എന്നപേരിൽ ഭാനുപ്രകാശ് എഡിറ്റു ചെയ്ത പുസ്തകം ഏതു നടനെക്കുറിച്ചുള്ളതാണ്?
36. 'ആണിറച്ചി'ആരുടെകൃതി?
37. 'ചവിട്ടുനാടകം' എഴുതിയതാര്?
38. 'ആധുനികതയുടെ ചുവന്നവാൽ' എന്ന ഗ്രന്ഥം എഴുതിയ സിനിമാനടനാര്?

39. 'നീ മനുഷ്യനെ കൊല്ലരുത്' എന്ന നാടകം ആരുടേത്?

40. വിക്ടർഹ്യൂഗോയുടെ 'പാവങ്ങൾ' മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ കവി?

41. കരുണത്തിന്റെ അംഗിയായ രസമേത്?

42. 'സ്റ്റാറ്റ്യൂ പി.ഒ.' ആരുടെ നോവലാണ്?

43. 'പിച്ചകമാലകൾ ചാർത്തിക്കൊണ്ടങ്ങനെ
പൊൽപ്പൂവോടക്കുഴൽമിന്നുമാറങ്ങനെ
ഓമനയായതിരുനെറ്റിയങ്ങനെ
തൂമയിൽ നല്ല കുറികളുമങ്ങനെ' – ആരുടെ വരികൾ

44. 'സസ്യൂറിന്റെ ഇന്ത്യൻവേരുകൾ' എന്ന പഠനം ആരുടേത്?

45. 'മാതംഗലീല' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപെടുന്നു?

46. 'ഫോക്‌ലോർ' എന്ന മലയാളഗ്രന്ഥത്തിന്റെ രചയിതാവാര്?

47. 'സുഗന്ധിയെന്ന ആണ്ടാൾ ദേവനായകി' പ്രമേയമാക്കുന്നത് ഏത് അയൽ രാജ്യത്തിന്റെ ചരിത്രമാണ്?

48. 'The Ministry of Utmost Happiness' ആരുടേത്?

49. 'സൃഷ്ടി, സ്ഥിതി, സംഹാരം' എന്നീ നാടകങ്ങളുടെ കർത്താവാര്?

50. 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു' ആരുടെ നിരൂപണഗ്രന്ഥം? (50X1=50)

**ഭാഗം.2.**

**എല്ലാചോദ്യങ്ങൾക്കും പത്തു മാർക്ക്‌വീതം. നാലുപുറത്തിൽകവിയാതെ ഉത്തരമെഴുതുക**

51. മലയാളഗദ്യത്തിന്റെ പരിണാമത്തിൽ അച്ചടിമാധ്യമങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് ഉപപാദിക്കുക.

അഥവാ

സാഹിത്യഭാഷ, വൈജ്ഞാനികഭാഷ, മാനകഭാഷ, ഭരണഭാഷ, സാങ്കേതികഭാഷ എന്നിവകളെക്കുറിച്ച് സോദാഹരണം നിരൂപിക്കുക

52. അറബി-മലയാളത്തിലെ പാട്ടുകളെക്കുറിച്ച് സോപാധികം കുറിപ്പെഴുതുക.

അഥവാ

ഉത്തരാധുനികതയും സ്വത്വവാദവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക

53. പുരോഗമനകലാസാഹിത്യത്തെക്കുറിച്ചുള്ള കുട്ടികൃഷ്ണമാരാരുടെ അഭിപ്രായങ്ങൾ ഇന്ന് എത്ര മാത്രം പ്രസക്തമാണെന്നു വിലയിരുത്തുക?

അഥവാ

'എന്റെകവിത ഇനിമേൽ പഠിപ്പിക്കേണ്ടതില്ല' എന്ന ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ അഭിപ്രായത്തെക്കുറിച്ച് സംവാദം നടത്തുക.

54. സാമ്പ്രദായികവ്യാകരണവും ആധുനികഭാഷാശാസ്ത്രവും ഭാഷാസമീപനത്തിൽ എങ്ങനെയൊക്കെ വ്യത്യാസപ്പെട്ടിരിക്കുന്നു.

അഥവാ

ഭാഷ (ലാങ്), ഭാഷണം (പരോൾ) എന്നിങ്ങനെ ഭാഷയെതിരിക്കുന്നതിന്റെ യുക്തിയും പ്രസക്തിയും വിലയിരുത്തുക.? (4X10=40)

**ഭാഗം.3.**

**താഴെക്കൊടുത്തിരിക്കുന്ന ഭാഗം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുക. പത്തു മാർക്ക്.**

Cultural studies is an innovative interdisciplinary field of research and teaching that investigates the ways in which "culture" creates and transforms individual experiences, everyday life social relations and power. Research and teaching in the field explores the relations between culture understood as human expressive and symbolic activities, and cultures understood as distinctive ways of life. Combining the strengths of the social sciences and the humanities, cultural studies draws on methods and theories from literary studies, sociology, communications studies, history, cultural anthropology, and economics. By working across the boundaries among these fields, cultural studies addresses new questions and problems of todays world. Rather than seeking answers that will hold for all time, cultural studies develops flexible tools that adapt to this rapidly changing world.

(1x10=10)